പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 369 06.02.2013-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്: | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ കെ.എസ്.ഇ.ബി, എവിടെ നിന്നൊക്കെയാണ് വൈദ്യുതി വാങ്ങുന്നത്; യൂണിറ്റിന് എത്രയാണ് വില; എത്ര യൂണിറ്റ് വൈദ്യുതി വാങ്ങുന്നു; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ, കേന്ദ്രവിഹിതമായും വിവിധ ട്രേഡർമാർ മുഖേനയും പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്.<br>പവർ എക്സ്ചേഞ്ചുകൾ വഴി വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റിന് 2013 ജനുവരി മാസത്തെ ശരാശരി നിരക്ക് 6 രൂപ 53 പൈസയാണ്.<br>ഈ സാമ്പത്തിക വർഷം ദിവസേന വാങ്ങിയ വൈദ്യുതിയുടെ ശരാശരി താഴെ ചേർക്കുന്നു.<br>കേന്ദ്ര വിഹിതം - 23.75 ദശലക്ഷം യൂണിറ്റ്<br>ട്രേഡർമാർ മുഖേന - 3.86 ദശലക്ഷം യൂണിറ്റ്<br>പവർ എക്സ്ചേഞ്ചുകൾ വഴി - 3.94 ദശലക്ഷം യൂണിറ്റ് |
| (ബി) സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) ലഭ്യമാകുന്നതനുസരിച്ച് കുറഞ്ഞ തുകയ്ക്കാണ് ദിവസേന ട്രേഡർമാരിൽ നിന്നും പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങുന്നത്. സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്ക് കൂടുതൽ വൈദ്യുതി നിശ്ചിത കാലത്തേക്ക് ലഭ്യമാക്കാനായി ടെൻഡറുകൾ വിളിക്കുകയും അതിൻ പ്രകാരം വൈദ്യുതി വാങ്ങാൻ തീരുമാനിയ്ക്കുകയും ചെയ്തു. എന്നാൽ തെക്കൻ സംസ്ഥാനങ്ങളിലേക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലം ഈ വൈദ്യുതി പൂർണ്ണമായി ലഭിക്കുന്നില്ല. പവർ എക്സ്ചേഞ്ചിൽ വൈദ്യുതിയുടെ വില താരതമ്യേന കുറവാകുന്ന അവസരത്തിൽ അവിടെ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.